ശ്രീ. ഗാസ്റ്റർ ഡിസിൽവാ: അതാതുവർഷത്തെ പണി അതാതുവർഷം തീർക്കാതെ അനവധി പണം ലാപ്സാക്കുന്നതുപോലെ ഈയാണ്ടിലും തുക ലാപ്സാക്കിക്കളയുകയില്ലേ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: നിവൃത്തിയുള്ളിടത്തോളം ലാപ്സാക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

Sri. P. S. Nataraja Pillai: May I know whether there is not a provision in the P. W. D. Code that the expenditure incurred in the last quarter of the year should not be higher than that incurred in the previous quarter?

Sri. G. Chandrasekhara Pillai: Yes, there is a rule like that.

ക്ഷാമബത്ത

*൧൩൬. (൧൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ ചേർക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) പരിഷ്കരിച്ച നിരക്കിലുള്ള ക്ഷാമബത്ത പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്കും അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഉണ്ട്. കൊച്ചിൻ പ്രൈമറിസ്കൂൾ അസോസിയേഷനിൽ നിന്നും മുച്ചി ഗുപ്തിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) നിവേദനം വിദ്യാഭ്യാസ ഡയറക്ടരുടെ അടിയന്തിരമായ ശ്രദ്ധയിൽ പെടുത്തിയിരിക്കുന്നു. അതിന്റെ വിശദാംശങ്ങൾ പരിശോധിച്ചു തീരുമാനത്തിനു വേണ്ടിവരുന്ന ചിലവു തിട്ടപ്പെടുത്തിയശേഷം വേണ്ട ഉത്തരവു പുറപ്പെടുവിക്കുന്നതായിരിക്കും.

ശ്രീ. അലക്സാണ്ടർ വാകയിൽ: പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്ക് ക്ഷാമബത്ത ഇതുവരെ അനുവദിച്ചുകൊടുക്കാത്തതിൽ വല്ല കാരണവുമുണ്ടോ?

ശ്രീ. എൽ. എം. പൈലി: അവരുടെ ക്ഷാമബത്തയെപ്പറ്റി ശ്രുതഗതിയിൽ നടപടികൾ എടുക്കുകയാണ്. പെട്ടെന്നു തീരുമാനമുണ്ടാക്കാം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്ക് ഇതുവരെ ക്ഷാമബത്ത കൊടുക്കാത്തതുകൊണ്ട് അവർ പ്രതിഷേധം പറഞ്ഞുവിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. എൽ. എം. പൈലി: അറിഞ്ഞുകൂടാ.

റേഷൻ

*൧൩൭. (൧൫) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണിച്ചിട്ടുള്ള ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രായപൂർത്തിവന്ന ഒരു വ്യക്തിക്ക് പ്രതിദിനം ഇപ്പോൾ എത്ര ഔൺസ് റേഷൻ അരി വീതമാണ് കൊടുക്കുന്നത്;

(ബി) ഈ റേഷൻ കുറവിനുള്ള കാരണം എന്ത്;

(സി) റേഷൻ വർദ്ധിപ്പിക്കുവാനുദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എത്ര; എന്നു മുതൽ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും, ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര): (എ) പ്രായപൂർത്തിവന്ന ഒരു വ്യക്തിക്ക് ഫസ്റ്റ്–ഓഫ് മുതൽ പ്രതിദിനം നാലര ഔൺസ് അരിയാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) അരിയുടെ സ്റ്റോക്ക് കുറവുകാരണമാണ് ഇപ്രകാരം റേഷൻതോത് കുറക്കേണ്ടിവന്നത്.

(സി) ഇല്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: സ്റ്റോക്ക് കുറവുകൊണ്ടാണെന്നു പറയുന്നു. എന്താണ് ഈ സ്റ്റോക്ക് കുറയുവാനുള്ള കാരണമെന്നു പറയാമോ?

ശ്രീ കെ. എം. കോര: സ്റ്റോക്ക് കുറഞ്ഞുപോയത് സമയത്തിനു പുറത്തുനിന്നും അരി ലഭിക്കാത്തതുകൊണ്ടാണ്.

ശ്രീ. അലക്സാണ്ടർ വാകയിൽ: നാലര ഔൺസ് അരികൊണ്ട് പ്രായപൂർത്തിവന്ന ഒരു വ്യക്തിക്ക് ആഹാരത്തിനു തീരെ മതിയാകയില്ലെന്നുള്ളത് ഗവൺമെൻറിനു് അറിഞ്ഞുകൂടെ?

ശ്രീ. കെ. എം. കോര: ഗവൺമെൻറിനു അറിയാം.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഈ സ്റ്റോറിലേക്ക് അനുവദിച്ചിരിക്കുന്ന ഗോതമ്പും മൈലോയും അവ ആവശ്യപ്പെട്ടുന്ന ഇൻഡ്യയിലെ ഇതരഭാഗങ്ങളിലേക്ക് കൊടുത്തിട്ട് അതിനു പകരം അരികേപാട്ടാ വർദ്ധിപ്പിക്കാൻ സാധിക്കുകയില്ലേ?

ശ്രീ. കെ. എം. കോര: ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ അതു സാധിക്കുകയില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: എങ്കിലും ഇപ്പോൾ കിട്ടുന്നതിൽ കുറെക്കൂടി കൂടുതൽ അരി ഇവ ഉപേക്ഷിക്കുന്നതുകൊണ്ട് ഇൻഡ്യാഗവൺമെൻറ് അനുവദിക്കുകയില്ലെന്നാണോ പറയുന്നത്?

ശ്രീ. കെ. എം. കോര: ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ഗോതമ്പിനും മൈലോയ്ക്കും പകരം അരിവേണമെന്നു പറഞ്ഞു ഇവയെ നിരസിച്ചാൽ അരി കിട്ടുകയില്ലെന്ന മാത്രമല്ല കിട്ടിക്കൊണ്ടിരിക്കുന്ന ഗോതമ്പുതന്നെയും ചിലപ്പോൾ കിട്ടാതെ വന്നേക്കാം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: പ്രായപൂർത്തിവന്ന ഒരു വ്യക്തിക്ക് ഒരു ദിവസത്തേക്ക് ഫസ്റ്റ് ഔൺസ്, അരിയെങ്കിലും വേണ്ടതാണെന്ന് ഒരു വിദഗ്ദ്ധാഭിപ്രായമുണ്ടായിട്ടില്ലേ?

ശ്രീ. കെ. എം. കോര: അങ്ങനെ വിദഗ്ദ്ധാഭിപ്രായം ഉണ്ടായിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: അനുവദിച്ചിട്ടുള്ള നാലര ഔൺസുതന്നെ എല്ലാ സ്ഥലങ്ങളിലും വിതരണം ചെയ്യുന്നില്ല എന്നറിയാമോ?

ശ്രീ. കെ. എം. കോര: അങ്ങനെ അറിവില്ല.

ശ്രീ. കെ. എ. മാത്യു: റേഷൻ എല്ലായിടത്തും ശരിയായി കൊടുക്കുന്നുണ്ടെന്നാണോ ബഹു. മന്ത്രി പറയുന്നത്?

ശ്രീ. കെ. എം. കോര: അതെ.

Sri. N. Daniel Jose: How does the rice ration here compare with the rice ration in Madras?

Sri. K. M. Korah: I think it compares favourably.

ശ്രീ. മഹേൽ ജെ. റൊഡ്രിഗ്സ്: നെല്ലിടിച്ചു കുറെക്കൂടി കാര്യക്ഷമമാക്കുന്നപക്ഷം കൂടുതൽ റേഷൻ കൊടുക്കാൻ സാധിക്കയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. കോര : സാധിക്കുമെന്നു തോന്നുന്നില്ല.

Sri. D. Gnanasigamoni: What according to Government will be the normal ration needed for an individual?

Sri. K. M. Korah: That depends upon the difference in regions and so many other factors.

Sahib Bahadur A. Abdul Razaak: Sir, on a point of order. May I know whether the hon. Minister in charge is right in giving such an irrelevant answer?

Mr. Speaker: Yes. The answer is relevant.

Sri. K. Sivarama Pillai: Does the Government think of stopping ration in the near future?

Sri. K. M. Korah: No.

Sri. R. K. Ram: Has the Government any intention of increasing the rice ration before the ensuing election?

Sri. K. M. Korah: It has nothing to do with election.

Sri. P. S. Nataraja Pillai: May I know what is the rice content in the adjoining State of Madras?

Sri. K. M. Korah: I claim notice.

Sri. N. Daniel Jose: Are the Government aware that Madras has a scheme for a rice ration of six ounces?

Sri. K. M. Korah: May be.

Sri. P. S. Nataraja Pillai: May I know why this difference exists?

Sri. K. M. Korah: The deficit comes only to 10 per cent in Madras. But here it is 66 per cent. That is why this difference prevails so far as Madras and this State are concerned.

Sri. A. P. Udayabhanu: May I know whether our State has ever failed to supply ration?

Sri. K. M. Korah: Certainly not.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: കരുനാഗപ്പള്ളി താലൂക്കിൽ കഴിഞ്ഞ മാസത്തിൽ ഒരാഴ്ച വിതരണം നടത്തിയിട്ടില്ലെന്നുള്ള വിവരം അറിയാമോ?

ശ്രീ. കെ. എം. കോര: അറിഞ്ഞുകൂടാ.

ട്രാൻസ്പോർട്ട് ബസ്സുകൾ

*൧൭൫. (൧൩) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦-൫൧-ൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ പുതുതായി വല്ല ബസ്സുകളും വിലയ്ക്കു വാങ്ങിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം ഏതെല്ലാംതരമെന്നും?

(ബി) പുതുതായി ബസ്സുകൾ വാങ്ങിയിട്ടുണ്ടെങ്കിൽ അവ ഉപയോഗിച്ചു തുടങ്ങിയ ലൈനുകളിൽ ബസ്സുകളുടെ എണ്ണവും സർവ്വീസും കൂട്ടിയിട്ടുണ്ടോ;

(സി) ആലപ്പുഴ-അരൂർ ലൈനിൽ ബസ്സുകളുടെ അപര്യാപ്തതമൂലം യാത്രക്കാർ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടെന്നുള്ള വിവരം ഗവൺമെന്റിനറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly